# കാലഹരണപ്പെട്ട മുദ്രാവാക്യങ്ങൾ

ശഹീദ് സയ്യിദ് ഖുത്തുബ്

**ബർട്രാന്റ്** റസ്സൽ പറഞ്ഞു: "വെളുത്ത മനുഷ്യന്റെ മേധാവിത്വ യുഗം അവസാനിച്ചു കഴിഞ്ഞു. അവന്റെ ആധിപത്യം ശാശ്വതമാകണമെന്ന് ഒരു പ്രകൃതി നിയമമൊന്നുമില്ല. കഴിഞ്ഞ നാലു ശതകങ്ങളായി അവൻ ജീവിച്ചുപോന്ന സുന്ദര ദിനങ്ങളെ ഇനിയവൻ കണ്ടുമുട്ടുകയില്ലെന്നാണ് എന്റെ വിശ്വാസം."

സമകാലിക സംഭവ വികാസങ്ങളെയും സംസ്കാര നാഗരികതകളുടെ ഉത്ഥാന പതന ചരിത്രത്തെയും മുമ്പിൽ വെച്ചു ചിന്തിക്കുമ്പോൾ ഈ പ്രവചനം സത്യമാണ്. മനുഷ്യന്റെ അടിസ്ഥാന യാഥാർഥ്യങ്ങളുടെ വെളിച്ചത്തിൽ വസ്തുനിഷ്ഠവുമാണ്.

പടിഞ്ഞാറൻ മേധാവിത്വത്തിന്റെ കാലഘട്ടം അവസാനിച്ചിരിക്കുന്നു. കാരണം, പാശ്ചാത്യൻ സംസ്കാരം അതിന്റെ പൂർണത പ്രാപിച്ചു കഴിഞ്ഞു. മനുഷ്യരാശിയെ പുതിയൊരു വളർച്ചയിലേക്കോ പരിവർത്തനത്തിലേക്കോ നയിക്കാനുതകുന്ന ഒന്നും ഇനിയതിന്റെ പക്കൽ അവശേഷിച്ചിട്ടില്ല. ജീവിതത്തെ കണ്ടെത്താനും മുന്നോട്ട് നയിക്കാനും ഒരു സംസ്കാരത്തിന്ന് എന്തൊക്കെ സംഭാവനകൾ നൽകുവാൻ കഴിയുന്നുവെന്നതിനെ ആസ്പദിച്ചാണല്ലോ ആ സംസ്കാരത്തിന്റെ വളർച്ചയും നിലനിൽപും.

സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം ഇവയായിരുന്നു ഫ്രഞ്ച് വിപ്ലവത്തിന്റെ മുദ്രാവാക്യങ്ങൾ. പാശ്ചാത്യൻ സംസ്കാരത്തിന്റെ അവസാനത്തെ കനികളായിരുന്നു അവ. സൈദ്ധാന്തിക ലോകത്ത് വിലമതിക്കപ്പെടാവുന്ന യാതൊന്നും അതിന്ന് ശേഷം പാശ്ചാത്യൻ നാഗരികത സൃഷ്ടിച്ചിട്ടില്ല. ഫ്രഞ്ച് വിപ്ലവം ആവിഷ്കരിച്ച മൂല്യത്രയമാകട്ടെ യൂറോപ്പിൽ അതിന്റെ ഭാഗം അഭിനയിച്ചു തീർക്കുകയും ചെയ്തു. അവയുടെ ആവിഷ്കരണ കാലത്ത് ഉദ്ദേശിക്കപ്പെട്ടിരുന്ന ലക്ഷ്യങ്ങൾ അവ നേടിക്കഴിഞ്ഞു.

യൂറോപ്പിൽ ഈ മൂല്യത്രയത്തിന്റെ ലക്ഷ്യങ്ങൾ താൽക്കാലികങ്ങളായിരുന്നു. അവയുടെ ആശയങ്ങൾ പരിമിതങ്ങളുമായിരുന്നു. ആധുനിക മനുഷ്യന്റെ പ്രശ്നങ്ങളെ നേരിടുവാൻ ഇന്നവക്ക് കഴിയില്ല. പ്രസ്തുത മൂല്യങ്ങൾക്ക് അക്കാലത്ത് ഉദ്ദേശിക്കപ്പെട്ടിരുന്ന ആശയങ്ങൾ 20–ാം നൂറ്റാണ്ടിലെ മനുഷ്യന്റെ ആവശ്യങ്ങളെ ഉൾക്കൊള്ളാൻ ഉതകിയതുമല്ല.

ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള വ്യക്തിസ്വാതന്ത്ര്യം എന്നായിരുന്നു ഫ്രഞ്ച് വിപ്ലവം സ്വാതന്ത്ര്യത്തിന് നൽകിയ വിവക്ഷ. ഈ വിവക്ഷ യൂറോപ്പിന്റെ അക്കാലത്തെ ആവശ്യങ്ങൾ ഏറെക്കുറെ നിർവഹിക്കുകയും ചെയ്തിട്ടുണ്ട്. ആത്മീയ ജീവിതത്തിൽ ചർച്ച് മേധാവിത്വത്തിൽനിന്ന് വെള്ളക്കാരനെ മോചിപ്പിച്ചത് ഈ ആദർശമാണ്. പ്രഭു മേധാവിത്വത്തിൽനിന്ന് അവന്റെ പ്രായോഗിക ജീവിതത്തെ സ്വതന്ത്രമാക്കിയതും അത് തന്നെയാണ്. രാഷ്ട്രീയ ജീവിതത്തിൽ സ്റ്റേറ്റിന്റെ സർവ്വാധിപത്യത്തിൽ നിന്ന് അവനെ സ്വതന്ത്രനാക്കിയതും മറ്റൊരു മൂല്യമല്ല. പക്ഷെ, ക്രമേണ വ്യക്തികൾക്ക് ലഭിച്ച ഈ അനിയന്ത്രിത സ്വാതന്ത്ര്യം സമൂഹത്തെ–സമൂഹത്തിന്റെ ഭൂരിപക്ഷത്തെ ദ്രോഹിക്കാൻ തുടങ്ങി. വ്യക്തി സ്വാതന്ത്ര്യത്തിന്റെ അനിവാര്യഫലമെന്നോണം മുതലാളിത്തം അതിന്റെ എല്ലാ സവിശേഷതകളോടും കൂടി പ്രത്യക്ഷപ്പെട്ടു. അതോടെ വ്യക്തിസ്വാതന്ത്ര്യം എന്നത് സംഭവലോകത്ത് യാഥാർഥ്യമില്ലാത്ത ഒരു മോഹന സ്വപ്നം മാത്രമാണെന്ന് വ്യക്തമായി. കാരണം അത് അധ്വാനിക്കുന്ന ജനവിഭാഗത്തെ തൊഴിലുടമകൾക്ക് ചൂഷണം ചെയ്യാനുള്ള സ്വാതന്ത്ര്യമായി പരിണമിച്ചു. ഫ്രഞ്ച് വിപ്ലവം സ്വാതന്ത്ര്യത്തിന്ന് നൽകിയ വിവക്ഷക്ക് ഇനിയങ്ങോട്ട് മനുഷ്യജീവിതത്തിൽ നിർമാണാത്മകസ്വാധീനം ചെലുത്താൻ സാധ്യമല്ല. ഫ്രാൻസിൽ തന്നെയും ഈ മൂല്യത്തിന്റെ വിവക്ഷയിൽ വമ്പിച്ച വിപ്ലവങ്ങൾ സംജാതമായിട്ടുണ്ട്. അവിടെയിപ്പോൾ സ്വാതന്ത്ര്യമെന്നാൽ മൃഗീയമായ അരാജകത്വമെന്നാണ് അർഥം. ഇനി രണ്ട് മാർഗങ്ങളാണ് അവശേഷിച്ചിട്ടുള്ളത്. ഒന്നുകിൽ സ്വാതന്ത്ര്യമെന്ന പദത്തിന്ന് ഫ്രഞ്ച് വിപ്ലവം നൽകിയതല്ലാത്ത പുതിയൊരു വിവക്ഷ നൽകുക. അല്ലെങ്കിൽ സ്വാതന്ത്ര്യമെന്ന മൂല്യത്തെ വലിച്ചെറിഞ്ഞ് പകരം മറ്റൊരു മൂല്യം കണ്ടെത്തുക.

നിയമത്തിന്റെ ദൃഷ്ടിയിൽ, കോടതികളിൽ, തെരഞ്ഞെടുപ്പുകളിൽ ഇവയിലൊക്കെ എല്ലാ പൗരന്മാരും സമന്മാരാണ്. ഇതായിരുന്നു ഫ്രഞ്ച് വിപ്ലവം സമത്വം എന്ന പദത്തിന് നൽകിയ വിവ

ക്ഷ. അക്കാലത്തെ യൂറോപ്യൻ ജീവിതത്തിൽ അത് മഹത്തായ പരിവർത്തനങ്ങൾ സൃഷ്ടിച്ചു. പുരോഹിതന്മാരുടെ മേൽകോയ്മ അവസാനിപ്പിച്ചത് ഈ സിദ്ധാന്തമാണ്. പ്രഭുക്കളുടെ പ്രത്യേകാവകാശങ്ങൾ ഈ സിദ്ധാന്തത്തിന്റെ ആവിർഭാവത്തോടെ അപ്രത്യക്ഷമായി. ഭരണ വർഗം ഭൂരിപക്ഷമായ ഭരണീയർക്കു കൽപിച്ചിരുന്ന മ്ലേഛതയേയും ന്യൂനപക്ഷത്തിന്റെ മനുഷ്യോചിതമല്ലാത്ത പെരുമാറ്റങ്ങളെയും അത് നശിപ്പിച്ചു. പ്രഭുക്കളും പുരോഹിതന്മാരും പൊതു നിയമങ്ങൾക്ക് കീഴ്പ്പെടണമെന്നും സാധാരണക്കാരെപ്പോലെ നികുതി കൊടുക്കണമെന്നും വന്നു. ക്രൂരനിയമങ്ങളുടെ ബന്ധനങ്ങളിൽ നിന്നും താങ്ങാനാവാത്ത നികുതി ഭാരത്തിൽ നിന്നും സാധാരണക്കാരനെ മോചിപ്പിച്ചതും സമത്വാദർശമാണ്.

പക്ഷെ സമത്വത്തിന്റെ സൽഫലങ്ങൾ അധികകാലം വിരാജിച്ചില്ല. സാമ്പത്തിക ചുറ്റുപാടുകളിൽ പരിവർത്തനം സംജാതമായപ്പോൾ ഒരു വശത്ത് മുതലുടമകൾ മൂലധനത്തിന്റെ അച്ചുതണ്ടുകളായും മറുവശത്ത് പാവപ്പെട്ട തൊഴിലാളികൾ മൂലധനത്തിന്ന് ചുറ്റും കറങ്ങുന്ന പാവകളായും വിഭജിതമായി. അതോടെ നിയമം അനുവദിക്കുന്ന സമത്വത്തിൽ നിന്ന് യാഥാർഥ്യത്തിന്റെ ചൈതന്യം ചോർന്നുപോവാൻ തുടങ്ങി. പുതിയ സാമ്പത്തിക മാനദണ്ഡങ്ങൾ സൃഷ്ടിച്ച ഉൽപാദന ബന്ധങ്ങളെ സമത്വത്തിന്ന് നേരിടേണ്ടി വന്നപ്പോൾ ഭൗതികലോകത്ത് സാക്ഷാൽകരിക്കപ്പെടാനാവാത്ത ഒരു മൂല്യമാണതെന്ന് വ്യക്തമായി. കാരണം ഉൽപാദനബന്ധങ്ങളിൽ നിന്ന് നിയമം വകവെച്ചുകൊടുക്കുന്ന, സൈദ്ധാന്തികമായ സമത്വാവകാശത്തെ അവഗണിക്കുന്ന സമ്മർദങ്ങൾ ഉയർന്നുവന്നു. ഈ രംഗത്ത് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്തുക അസാധ്യവുമായി. അത് സമത്വത്തെക്കാൾ പ്രാഥമ്യമർഹിക്കുന്ന വ്യക്തിസ്വാതന്ത്ര്യത്തെ നിഹനിക്കലായി കലാശിക്കും.

അങ്ങനെ സമത്വമെന്ന സിദ്ധാന്തവും പ്രായോഗികരംഗത്ത് പരാജയപ്പെട്ടിരിക്കയാണ്. അതിന്റെ സാക്ഷാത്കാരത്തിന് യൂറോപ്യൻ നാടുകൾ ചെയ്തതു പോലെ നിയമപരവും സൈദ്ധാന്തികവുമായ ഉറപ്പ് അപര്യാപ്തമാണ്. അനിയന്ത്രിതമായ വ്യക്തിസ്വാതന്ത്ര്യത്തിന്റെ അസ്തിവാരത്തിൽ പടുത്തുയർത്തിയ സാമ്പത്തിക ഘടന സൃഷ്ടിക്കുന്ന ഉൽപാദനബന്ധങ്ങൾ പ്രായോഗിക രംഗത്ത് സമത്വത്തെ സാക്ഷാത്കരിക്കുവാൻ അനുവദിക്കുകയുമില്ല. സമത്വമെന്ന ആശയം ഒരു യാഥാർഥ്യമായിത്തീരണമെങ്കിൽ മറ്റെന്തെങ്കിലും പോംവഴി കണ്ടേതീരൂ. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഫ്രഞ്ച് വിപ്ലവം ആവിഷ്കരിച്ച സമത്വം കാലഹരണപ്പെട്ടിരിക്കുന്നു. മനുഷ്യരാശിയിൽ അതിന്റെ സ്വാധീനം നിർജീവമായികഴിഞ്ഞിരിക്കുന്നു.

സാഹോദര്യമാകട്ടെ, പാശ്ചാത്യലോകത്ത് ഒരിക്കലും അതിന്റെ സാക്ഷാൽ ചൈതന്യത്തോടെ നിലനിന്നിട്ടില്ല. സാഹോദര്യമെന്ന ഉന്നതാശയത്തെ ഒരു യാഥാർഥ്യമാക്കാൻ കേവലഭൗതികത അശക്തമാണെന്നതാണ് അതിന്റെ പ്രധാന കാരണം. സാഹോദര്യത്തിന്റെ സാക്ഷാത്കരണത്തിന് ആത്മാവും മനസ്സാക്ഷിയും അനിവാര്യമാണ്. റോമൻ കാലഘട്ടം മുതലേ യൂറോപ്പിനെ അടക്കിഭരിച്ചുകൊണ്ടിരിക്കുന്നത് കേവല ഭൗതികതയിലധിഷ്ഠിതമായ ഒരു ജീവിത വീക്ഷണമാണ്. ആ ആധിപത്യത്തെ തകർക്കാൻ നൂറ്റാണ്ടുകൾ പഴക്കമുള്ള ക്രൈസ്തവ സ്വാധീനത്തിന്ന് തെല്ലും കഴിഞ്ഞിട്ടില്ല. ഭൗതികത്വത്തിന്റെ ഈ നീരാളിപിടുത്തത്തിൽ നിന്ന് മോചിതമാകാതെ, അതിലധിഷ്ഠിതമായ ജീവിത വീക്ഷണം മാറാതെ യൂറോപ്പിൽ സാഹോദര്യം ഒരു യാഥാർഥ്യമായി തീരുകയില്ല.

ഇക്കാരണത്താൽ സാഹോദര്യമെന്ന തത്വം ആവിഷ്കരിക്കപ്പെട്ട ഒന്നാം തീയതി മുതലേ ഒരു സൈദ്ധാന്തിക പ്രശ്നമായേ അത് ഗണിക്കപ്പെട്ടിട്ടുള്ളൂ. പ്രസംഗപീഠങ്ങളിൽ കണ്ഠക്ഷോപം ചെയ്യാനും പത്രങ്ങളിലും പുസ്തകങ്ങളിലും ഉപന്യസിക്കാനും കൊള്ളാവുന്ന ഒരു വിഷയമായിരുന്നു അത്. പക്ഷെ പ്രായോഗിക ജീവിതത്തിൽ നിന്ന് വളരെ വിദൂരമായാണ് അതിന്റെ പൊരുൾ നിലകൊണ്ടത്. സാമ്പത്തികമായ ഉച്ചനീചത്വങ്ങളെയും ഭൗതികനേട്ടങ്ങൾക്കു വേണ്ടി കൊളോണിയലിസത്തെയും യുദ്ധത്തെ തന്നെയും താലോലിക്കുന്ന പ്രാദേശിക വിപ്ലവത്തേക്കാൾ വളരെ ഉന്നതമായ ഒന്നാണ് മാനുഷിക സാഹോദര്യ വികാരം. മനുഷ്യസാഹോദര്യം അംഗീകരിക്കുകയെന്നാൽ ദേശീയവും വർഗീയവുമായ സങ്കുചിത വൃത്തങ്ങളിൽനിന്ന് മോചനം നേടലാണ്. യൂറോപ്പാകട്ടെ ഒരിക്കലും ഈ മോചനത്തിന് ശ്രമിച്ചിട്ടില്ല. അതിനാൽ ഫ്രഞ്ച് വിപ്ലവത്തിൽതന്നെ സാഹോദര്യം ചൈതന്യരഹിതമായ ഒരു തത്വമായിരുന്നു.

● ● ●

സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം ഈ മൂല്യത്രയത്തിന്റെ ജനനശേഷം പടിഞ്ഞാറൻ നാഗരികത വന്ധ്യയായി. പുതിയ ഏതെങ്കിലുമൊരു മൂല്യം മനുഷ്യരാശിക്ക് സംഭാവന ചെയ്യാൻ പിന്നീടതിന് കഴിഞ്ഞിട്ടില്ല. എങ്കിലും ദിനംപ്രതി പുതിയ പുതിയ ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ നടത്താൻ പാശ്ചാത്യർക്ക് കഴിഞ്ഞു. അവരുടെ മുഴുവൻ ശ്രദ്ധയും വ്യവസായ രംഗത്ത് കേന്ദ്രീകരിച്ചു.

പക്ഷെ വ്യാവസായികോൽപാദനങ്ങളിൽ മാത്രം മനസ്സ് നട്ടുകൊണ്ട് എന്നെന്നും ജീവിക്കുവാൻ മനുഷ്യന് കഴിയില്ല. നവ-നവങ്ങളായ ചിന്താസിദ്ധാന്ത സരണികൾക്ക് വേണ്ടി എപ്പോഴും ദാഹിച്ചുകൊണ്ടിരിക്കുന്നതാകുന്നു മനുഷ്യപ്രകൃതി. ഈ പ്രകൃതിയാണ് മനുഷ്യനിൽ പുരോഗതിയും പരിവർത്തനങ്ങളും സൃഷ്ടിക്കുന്നത്.

മനുഷ്യന്റെ മുഴു ശ്രദ്ധയും വ്യാവസായികോൽപാദനത്തിൽ അർപ്പിക്കുക എന്ന പരിമിത വൃത്തത്തിൽ യൂറോപ്പിലെയും അമേരിക്കയിലെയും സംസ്കാരങ്ങളുടെ വളർച്ച ചെന്നവസാനിച്ചു. താത്വികരംഗത്താവട്ടെ ഫ്രഞ്ച് വിപ്ലവത്തിന്റെ അർഥം നഷ്ടപ്പെട്ട മുദ്രാവാക്യങ്ങളും ഭേസി നടക്കേണ്ടിവന്നു അവർക്ക്.

ഈ ഘട്ടത്തിലാണ് സോഷ്യലിസം അഥവാ ചരിത്രത്തിന്റെ ഭൗതിക വ്യാഖ്യാനം വിലമതിക്കപ്പെട്ടത്. കാരണം ഫ്രഞ്ച് വിപ്ലവം അവതരിപ്പിച്ചതിനേക്കാൾ കൂടുതൽ വിപുലവും സമഗ്രവുമായ വീക്ഷണങ്ങൾ കാഴ്ച വെക്കാൻ അതിന്ന് കഴിഞ്ഞു. വിദൂരങ്ങളായ സൈദ്ധാന്തിക മേഖലകളെ അത് പിടിച്ചടക്കി. അമേരിക്കയെ 'പ്രാഗ്മാറ്റിസ'ത്തിലെത്തിച്ചു. ഫ്രാൻസിനെ എക്സിസ്റ്റൻഷ്യലിസത്തിലെത്തിച്ച വൈയക്തിക സ്വാതന്ത്ര്യത്തെക്കാൾ ഉന്നതവും ഉദാത്തവുമായ ഒരു ലക്ഷ്യത്തെ സോഷ്യലിസം മനുഷ്യന്ന് ചൂണ്ടിക്കാട്ടി.

കമ്യൂണിസം പ്രബോധനം ചെയ്തതും ജനസമുദായങ്ങളെ പ്രവർത്തിക്കാനാഹ്വാനം ചെയ്തതും തൊഴിലാളിവർഗ സർവാധിപത്യത്തിന്നു വേണ്ടിയാണ്. അതായത് വ്യക്തിയുടെ

താല്പര്യത്തെക്കാളും അവന്റെ ജീവനേക്കാൾ തന്നെയും പ്രധാനവും വിപുല വിശാലവുമായ ഒരു പ്രതീക്ഷയുടെ സാക്ഷാത്ക്കരണത്തിന്ന് വേണ്ടിയാണ് സോഷ്യലിസം നിലകൊള്ളുന്നത്. മനുഷ്യജീവിതത്തിന്റെ ആഴവും പരപ്പും കണക്കിലെടുക്കുമ്പോൾ ഈ ലക്ഷ്യവും വളരെ ചെറിയ ഒരു സ്വപ്നമാണ്. എന്നാലും സാക്ഷാത്ക്കാരത്തിന്ന് വേണ്ടി പ്രവർത്തിക്കുന്ന ഒരു സ്വപ്നം, ഒരു ലക്ഷ്യം കണ്ടെത്തുക ശൂന്യതയുടെ പടിവാതിൽക്കലെത്തിയ പാശ്ചാത്യർക്ക് ഒരനുഗ്രഹമായിരുന്നു. അതാണ് യൂറോപ്യൻ അണികളിൽനിന്നു കമ്യൂണിസത്തിലേക്കുള്ള ഈ തള്ളിക്കയറ്റത്തിനു കാരണം. നഗ്നതയുടെ ലജ്ജയോ വിശപ്പിന്റെ രുചിയോ ജീവിതത്തിലൊരിക്കലും ആസ്വദിച്ചിട്ടില്ലാത്തവർപോലും അവിടെ കമ്യൂണിസത്തിലേക്കാകൃഷ്ടരാവുന്നു. അവർ മനുഷ്യരാണ്. അവരുടെ സംസ്കാരത്തിലെ നിതാന്തമായ ശൂന്യത അവരനുഭവിക്കുന്നു. അവന്റെ ആത്മാവ് പട്ടിണികിടക്കുകയാണ്. അവരുടെ മനസ്സ് ദാഹിക്കുകയാണ്. ഈ ദാഹവും വിശപ്പും എങ്ങനെയെങ്കിലും അടക്കാതെ മനുഷ്യനു ജീവിക്കുക വയ്യ.

മനുഷ്യൻ ഇപ്പോഴും ആ പ്രാചീന പ്രാകൃത മനുഷ്യൻ തന്നെയാണ്. ഹൃദയത്തെ ശാദ്വലമാക്കാൻ അവന്ന് ഒരു വിശ്വാസം കൂടിയേ തീരൂ. ജീവിതത്തെ വ്യാഖ്യാനിച്ചുകൊടുക്കാനും താനും പ്രപഞ്ചവും തമ്മിലുള്ള ബന്ധം വിശദീകരിക്കാനും തന്റെ വ്യക്തിത്വത്തിന്നതീതവും സത്തയേക്കാൾ ഉന്നതവുമായ മറ്റു ചിലതിൽ അവനെ വ്യാപരിപ്പിക്കുവാനും ഒരു വിശ്വാസത്തിന്റെ ആവശ്യകത പണ്ട് മുതലേ മനുഷ്യന്നുണ്ടായിരുന്നതാണ്. യൂറോപ്പിലും അമേരിക്കയിലും വെളുത്തവന്റെ സംസ്കാരം ഈ പാഥേയത്തെസ്സംബന്ധിച്ചിടത്തോളം ശൂന്യമാവുകയും പദാർഥ ലോകത്ത് ഉല്പാദനവും മാനുഷിക രംഗത്ത് ആഡംബരങ്ങളും മാത്രം അവന്ന് സംതൃപ്തി നൽകാൻ അപര്യാപ്തമാവുകയും ചെയ്തു. അപ്പോഴാണ് ജീവിതത്തെ മുഴുവനായി കയ്യാളുന്ന ഒരു സിദ്ധാന്തത്തിന്നും അതിന്റെ സാക്ഷാത്കരണ പ്രവർത്തനത്തിന്നും അവൻ ദാഹിച്ചത്. അപ്രതിരോധ്യമായ ഈ ആവശ്യം പരിഹരിക്കുവാൻ ചുറ്റും നോക്കിയപ്പോൾ കമ്യൂണിസമല്ലാതെ മറ്റൊന്നും അവൻ കണ്ടില്ല. എന്നാൽ കമ്യൂണിസം തന്നെ അത്തരം ഒരു സിദ്ധാന്തത്തിന്റെ ആവശ്യകത അനുഭവിച്ച്കൊണ്ടിരിക്കുകയാണ്. അത് മറ്റൊരു കാര്യം. ഏതായാലും ഈ ചരിത്ര ഗതി പാശ്ചാത്യ ഭൗതിക സംസ്കാരത്തിന്റെ അടുത്തഘട്ടത്തെ സൂചിപ്പിക്കുന്നുണ്ട്. കേവലഭൗതികമായ ജീവിത വീക്ഷണത്തിന്റെ സ്വാഭാവിക വളർച്ചയാണ് കമ്യൂണിസം. റോമൻ സംസ്കാരത്തിന്റെ അസ്തിവാരത്തിൽ പാശ്ചാത്യൻ സംസ്കാരത്തിന്റെ നിർമ്മാണ പ്രക്രിയ ആരംഭിച്ച മുതലേ ഭൗതികമായ ജീവിത വീക്ഷണം അതിൽ ഇഴുകിച്ചേർന്നിട്ടുണ്ട്. ഇന്ദ്രിയഗോചരമാവുകയോ ഇന്ദ്രിയങ്ങളെ സഹായിക്കുന്ന വിധത്തിൽ പ്രായോഗികാനുഭവങ്ങളാൽ തെളിയിക്കപ്പെടുകയോ ചെയ്യാത്ത, ഒന്നിലും വിശ്വസിക്കാത്ത പദാർത്ഥനിഷ്ഠതയുടെ മാർഗ്ഗം വരെ ഫ്രാൻസിസ് ബേക്കന്റെ കാലത്ത് ഈ ഭൗതിക വീക്ഷണം വളരുകയുണ്ടായി.

യൂറോപ്പിൽ ആധിപത്യം വാഴുന്ന ചിന്താസരണികളും കമ്യൂണിസ്റ്റ് ചിന്താഗതിയും തമ്മിലുള്ള അന്തരം വീക്ഷണഗതികളിലുള്ള മൗലികമായ വൈജാത്യമല്ല. അവ തമ്മിൽ ലക്ഷ്യത്തിലും ക്രമീകരണത്തിലും മാത്രമേ അന്തരമുള്ളൂ. കേവല ഭൗതികമായ ജീവിത വീക്ഷണത്തിൽ രണ്ടും യോജിക്കുന്നു. വ്യത്യാസം ഇതാണ്: അമേരിക്കയിൽ വ്യക്തികൾക്ക് അനിയന്ത്രിതമായി ഉല്പാദിപ്പിക്കുവാനും അനുഭവിക്കാനും സ്വാതന്ത്ര്യമുണ്ട്. ഇംഗ്ലണ്ടിൽ അല്പം നിയന്ത്രിക്കപ്പെട്ട സ്വാതന്ത്ര്യമാണുള്ളത്. റഷ്യയിലാവട്ടെ എല്ലാം സ്റ്റേറ്റിന്റെ ഉടമയിലാണ്. വ്യക്തികൾക്ക് ഉല്പാദിപ്പിക്കുവാനോ കൈവശം വെക്കുവാനോ സ്വാതന്ത്ര്യമില്ല.

എന്നാൽ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ പരമാധികാരം റഷ്യയിൽപോലും ഇനിയും സാക്ഷാത്കരിക്കപ്പെട്ടിട്ടില്ലാത്ത ഒരു സ്വപ്നമാണ്. ഒരു പരിധിവരെ വ്യക്തിഉടമാവകാശത്തെ നശിപ്പിക്കുകയും സമ്പത്തധികവും സ്റ്റേറ്റിന്റെ ഉടമയിൽ കൊണ്ടുവരികയുമാണ് അവിടെ സാധിച്ചതിന്റെ ആകെത്തുക. അദ്ധ്വാനിക്കുന്നവർക്ക് അവിടെ ഒരാധിപത്യവുമില്ല. അവർ ഒന്നിന്റെയും ഉടമകളുമല്ല. നിത്യജീവിതത്തിന്നത്യാവശ്യമായ ഭക്ഷണം, വസ്ത്രം, പാർപ്പിടം– ഇവക്ക് വേണ്ടി അടിച്ചമർത്തി സജ്ജീകരിക്കപ്പെട്ടവരാണ് തൊഴിലാളികൾ അവിടെയും. ജനലക്ഷങ്ങളെ ആകർഷിക്കുന്ന പാഴ്സ്വപ്നം പേറിക്കൊണ്ട് നടക്കുകയാണ് കമ്യൂണിസം ഇന്നും. കാരണം ശൂന്യമായ പാശ്ചാത്യ സംസ്കാരത്തെ അപേക്ഷിച്ച് അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ സർവ്വാധിപത്യം ഒരു മഹത്തായ സ്വപ്നംതന്നെയാണ്.

ഈ സ്വപ്നമാണ് പാശ്ചാത്യ നാടുകളിൽ കമ്യൂണിസത്തെ ആകർഷകമാക്കിച്ചെയ്യുന്നത്. അല്ലാതെ വൈയക്തികമായ ഫലേച്ഛയല്ല. അമേരിക്കയിൽ കമ്യൂണിസം സ്വീകരിക്കുന്നതും പ്രചരിപ്പിക്കുന്നതും പാവപ്പെട്ട തൊഴിലാളികളല്ല. മറിച്ച്, അഭ്യസ്തവിദ്യരും, സംസ്കാരസമ്പന്നരും, സാമ്പത്തികശേഷിയുള്ളവരുമാണെന്ന വസ്തുത അതിന്ന് തെളിവാണ്. ഇത് വ്യക്തമായി തന്നെ എനിക്കവിടെ കാണാൻ കഴിഞ്ഞിട്ടുണ്ട്. കമ്യൂണിസത്തെ പുണരുവാനുള്ള സാമ്പത്തിക പ്രേരണകൾ അമേരിക്കയിലെ ബഹുഭൂരിപക്ഷത്തിന്നും ഇല്ലെന്നതാണ് അതേപ്പറ്റി ചിന്തിച്ചപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. കാരണം, അവിടത്തെ വേതനനിരക്കോ സമ്പാദ്യ നിലവാരമോ ജീവിതനിലവാരമോ ഒന്നും തന്നെ കമ്മ്യൂണിസത്തിന്ന് ആകർഷകത്വമണക്കുന്നതോ മാർക്കറ്റുണ്ടാക്കികൊടുക്കുന്നതോ അല്ല. അമേരിക്കൻ തൊഴിലാളിക്ക് വിലമതിക്കാവുന്ന എന്തെങ്കിലും സംഭാവന ചെയ്യാൻ കമ്മ്യൂണിസത്തിന്റെ കയ്യിലില്ല. അവന്നു പ്രിയപ്പെട്ട പലതും കമ്മ്യൂണിസത്തിന്നു വേണ്ടി നഷ്ടപ്പെടേണ്ടതുണ്ടു താനും.

അമേരിക്കയിലെയും യൂറോപ്പിലെയും അഭ്യസ്തവിദ്യരും സമ്പന്നരുമായ ജനവിഭാഗത്തിന്റെ സ്ഥിതി അതല്ല. അവർ ആത്മീയമായും ചിന്താപരമായും ദാഹിച്ചു വലയുന്നവരാണ്. മനുഷ്യൻ സ്വയം വേണ്ടെന്നു വെച്ചാലും ഒഴിവാക്കാൻ കഴിയാത്ത മാനുഷിക പോഷകത്തെ സംബന്ധിച്ചിടത്തോളം അവന്റെ സംസ്കാരം ശൂന്യമാണെന്ന വസ്തുത അവനെ നിരന്തരം അലോസരപ്പെടുത്തുകയാണ്.

വിശ്വാസ പ്രമാണത്തിന്റെ സ്ഥാനത്ത് അവരോധിക്കാൻ കൊള്ളാവുന്നതായി കമ്മ്യൂണിസത്തെയല്ലാതെ മറ്റൊരു സിദ്ധാന്തവും അമേരിക്കക്കോ യൂറോപ്പിന്നോ പരിചയമില്ല. അതുകൊണ്ട് ആത്മീയ ചിന്താരംഗങ്ങളിൽ തങ്ങളനുഭവിക്കുന്ന ഭ്രാന്തജനകമായ ശൂന്യതയിൽനിന്ന് വിശന്നുവലഞ്ഞവന്റെ വികാരത്തോടെ കമ്മ്യൂണിസത്തിലേക്ക് പാഞ്ഞടുക്കുകയാണ്.

യൂറോപ്പിൽ സംഭവിച്ചതുപോലെ അമേരിക്കയിലും സാമ്പത്തിക പരി

വർത്തനങ്ങൾ സംഭവിച്ചുകൂടായ്കയില്ല. കാരണം കമ്മ്യൂണിസത്തെ പ്രതിരോധി ക്കാൻ മറ്റൊരു സിദ്ധാന്തത്തിന്റെ അഭാവത്തോടും അമേരിക്കക്കാരന്റെ പ്രവൃദ്ധമായ ശൂന്യതാബോധത്തോടുമൊപ്പം ജീവിതാവശ്യങ്ങളും അനുകൂല സാഹചര്യം സൃഷ്ടിക്കും. അതായിരിക്കും പാശ്ചാത്യലോകത്തിന്റെ പരിണാമം. പടിഞ്ഞാറൻ സംസ്കാരത്തെ അടക്കിവാഴുന്ന ഭൗതികജീവിത വീക്ഷണത്തിന്റെ സ്വാഭാവികവും സുപ്രതീക്ഷിതവുമായ വളർച്ചയും അങ്ങോട്ടുതന്നെയാണ്. അതല്ല; പ്രതീക്ഷകളിൽനിന്നൊറ്റപ്പെട്ട, മൂല്യവിമുക്തമായ, ആത്മരഹിതമായ നാഗരികതയുടെ അനിവാര്യമായ ഭരതവാക്യമാണ് കമ്മ്യൂണിസം.

അമേരിക്ക ഈ പരിണാമത്തിലേക്ക് തന്നെയാണ് ചലിച്ചുകൊണ്ടിരിക്കുന്നത്. വ്യക്തികളുടെ സുഖസൗകര്യങ്ങൾക്കു വേണ്ടി വമ്പിച്ച തുക ചെലവഴിച്ചുകൊണ്ടിരിക്കുന്ന ആ രാജ്യം യൂറോപ്യൻ രാജ്യങ്ങളെ സഹായിക്കുവാൻ കൂടുതൽ കൂടുതൽ നിർബന്ധിതമാകുംതോറും പ്രസ്തുത സ്ഥിതിവിശേഷത്തോട് അടുത്തുവരികയാണ്. യൂറോപ്യൻ രാജ്യങ്ങളെ അമേരിക്കൻ ചേരിയിൽ ഉറപ്പിച്ചു നിർത്താൻ വ്യാപാര നിയമങ്ങൾ എന്ന പേരിൽ ഒരു പ്രത്യേക തരം കപ്പം തന്നെ അമേരിക്കക്ക് നൽകേണ്ടി വരുന്നുണ്ട്. ട്രൂമാൻ ആവിഷ്കരിച്ച, അവികസിത രാജ്യങ്ങൾക്കുള്ള നിർബന്ധ സഹായം ഇതിനൊക്കെ പുറമെയാണ്.

വിപുലമായ ഈ സംരംഭങ്ങൾ അമേരിക്കയുടെ സാമ്പത്തിക സന്തുലിതാവസ്ഥയെ പ്രതികൂലമായി ബാധിക്കും.(ഇന്നുനടന്നുകൊണ്ടിരിക്കുന്ന സംഭവ വികാസങ്ങൾ ലേഖകന്റെ ദീർഘവീക്ഷണത്തെ ശരിവെക്കുന്നു. വിവ:) ഈ ഭാരങ്ങൾ ആ രാജ്യം ചുറുചുറുക്കോടെ നിർവഹിക്കുന്നുണ്ടെങ്കിലും രാഷ്ട്രത്തിന്റെ സാമ്പത്തിക ചുമതലകൾ ഇപ്പോൾതന്നെ ജീവിതനിലവാരത്തിൽ പ്രതിഫലിക്കാൻ തുടങ്ങിയിരിക്കുന്നു.

പ്രസ്തുത കാരണങ്ങളാൽ കമ്മ്യൂണിസത്തിന്റെ ആകർഷണ ശക്തിയുടെയും അമേരിക്കയുടെ വീക്ഷണശക്തിയുടെയും സന്തുലിതാവസ്ഥ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ചരിത്രത്തിന്റെ രണ്ടു ഘട്ടങ്ങൾക്കിടയിൽ പ്രതീക്ഷിക്കപ്പെടാവുന്ന ഒരു പ്രക്രിയ തന്നെയാണിത്. ആയുധസജ്ജീകരണങ്ങളിൽ നിന്നും ഒഴിഞ്ഞുനിൽക്കാനും, വേണ്ടിവന്നാൽ ഒരു യുദ്ധം മുഖേനയെങ്കിലും റഷ്യയുടെ ശത്രുതയിൽ നിന്ന് മോചനം നേടാനും അമേരിക്കയെ പ്രേരിപ്പിക്കുന്നതും മറ്റൊന്നല്ല.

തുടക്കം മുതലേ മനുഷ്യൻ മനുഷ്യൻ തന്നെയായിരുന്നു. തന്റെ ഹൃദയത്തെ പ്രഭാപൂരിതമാക്കുകയും ചിന്താഗതികളുടെ പ്രഭവ കേന്ദ്രമായി വർത്തിക്കുകയും ചെയ്യുന്ന ഒരാദർശം മനുഷ്യന് അനിവാര്യമാണ്. ജീവിതത്തിന് സമഗ്രമായ ഒരു നിർവചനം നൽകുവാനും മുമ്പിൽ കാണുന്ന പ്രപഞ്ചത്തിന്റെ യാഥാർത്ഥ്യമെന്തെന്നും മനുഷ്യനും പ്രപഞ്ചവും ദൈവവും തമ്മിലുള്ള ബന്ധം ഏതുതരത്തിലുള്ളതാണെന്നും അർത്ഥശങ്കക്കിടമില്ലാത്ത വിധം വ്യക്തമാക്കുവാനും അതിന് സാധിക്കണം. തന്നെക്കാളുപരിയായ, തന്റെ തലമുറയെക്കാൾ വ്യാപകമായ, വർത്തമാനത്തെക്കാൾ വിശാലമായ ലക്ഷ്യങ്ങൾ മനുഷ്യനു സമർപ്പിക്കാൻ കഴിവുറ്റതായിരിക്കണം അത്. മനുഷ്യനതീതമായ ഒരു മഹച്ഛക്തിയുമായി അതവരെ ബന്ധിപ്പിക്കണം. ആ ശക്തിക്കായിരിക്കണം അവന്റെ മേൽ പരിപൂർണവും നിരുപാധികവുമായ അധികാരം. അവൻ ഒരേസമയം സ്നേഹിക്കുകയും ഭയപ്പെടുകയും പ്രീതിയെ കാംക്ഷിക്കുകയും അപ്രീതിയെ വെറുക്കുകയും ചെയ്യുന്നതായിരിക്കണം ആ ശക്തി. ഈ ലോകത്ത് തിന്മയുമായുള്ള പോരാട്ടത്തിൽ മനുഷ്യന് നഷ്ടപ്പെട്ടേക്കാവുന്നതിനു പകരമായി നീതിയുക്തവും പരിപൂർണവുമായ പ്രതിഫലം നൽകാൻ ആ ശക്തിക്ക് കഴിവുണ്ടാവണം. മനുഷ്യൻ തന്റെ ജീവിതത്തെ മുഴുവനായി ആ ശക്തിയോട് ബന്ധിപ്പിച്ചു നിർത്തണം. ആരാധനാക്രമങ്ങളെ പോലെതന്നെ ജീവിത മാർഗദർശനവും ചിന്താപരവും കർമപരവുമായ പദ്ധതികളും മനുഷ്യൻ സ്വീകരിക്കുന്നത് ആ മഹച്ഛക്തിയിൽനിന്നായിരിക്കണം. എങ്കിൽ അതുല്യമായ ഒരേകീഭാവവും ഐക്യവും മനുഷ്യജീവിതത്തിലുടനീളം ദർശിക്കാൻ സാധിക്കും. പൊട്ടും പൊളിയുമില്ലാത്ത ഒരു കോട്ടക്കു സമമായിരിക്കും ആ മനുഷ്യസമൂഹം. അഭിനവസിദ്ധാന്തങ്ങളിൽ നിരാശനായ മനുഷ്യൻ–പാശ്ചാത്യനും പൗരസ്ത്യനും– വൈകിയെങ്കിലും ഇത്തരം ഒരാദർശലോകം കണ്ടെത്താതിരിക്കയില്ല.

●